ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇതിനുള്ള നടപടി എടുക്കുന്നതാണ്.

തലസ്ഥാനനഗരി മോടിപിടിപ്പിക്കൽ

49. [1585] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനനഗരി മോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ റോഡുകൾക്കിരുവശവും തണൽമരങ്ങൾ വച്ചുപിടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് ജി.ഒ. (പി.) 189/85/തവേ. തീയതി 18-9-1995-ലെ കേരള പഞ്ചായത്ത് ആക്ടിലെ വ്യവസ്ഥപ്രകാരം ഈ പരിപാടി ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളാണ് നടപ്പിലാക്കേണ്ടത്. വനംവകുപ്പ് ഇതിനാവശ്യമായ സാങ്കേതികോപദേശം നൽകുന്നതായിരിക്കും.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണബാങ്കുകൾക്കും പ്രൈമറി സഹകരണസംഘങ്ങൾക്കും നൽകിയിരുന്ന റിഫൈനാൻസ് പുനരാരംഭിക്കാൻ നടപടി

50. [1536] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണബാങ്ക്, സംയോജിത ഗ്രാമവികസന പരിപാടി നടപ്പിലാക്കുന്നതിന് ജില്ലാ സഹകരണബാങ്കുകൾക്കും പ്രൈമറി സഹകരണസംഘങ്ങൾക്കും നൽകിയിരുന്ന റിഫൈനാൻസ് നിർത്തലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി, സി) ഇല്ല. നബാർഡ് ആണ് റിഫൈനാൻസ് നൽകുന്നത്. മുൻവർഷങ്ങളെ അപേക്ഷിച്ച് നബാർഡ് സഹകരണബാങ്കുകൾക്ക് നൽകുന്ന റിഫൈനാൻസിംഗിന്റെ തോതിൽ കുറവ് വരുത്തിയിട്ടുണ്ട്. ഇത് വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly